(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കും എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നുവരുന്നു. നടപടി പൂർത്തിയായാലുടൻ പണി ആരംഭിക്കുന്നതാണ്.

മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണികളുടെ നിർമ്മാണം

144 (836) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ്കോയ്ക്ക് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണ അനുമതി ലഭ്യമായ മുരിക്കുംപാടം, ഞാറയ്ക്കൽ എന്നിവിടങ്ങളിലെ ശുദ്ധജലസംഭരണികളുടെ നിർമ്മാണം ദീർഘനാളുകളായി തടസ്സപ്പെട്ടിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) എഗ്രിമെന്റ് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന തീയതി എന്നുവരെയെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര തവണകളിലായി എത്ര കാലാവധികൾ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്നും എത്ര രൂപ ബന്ധപ്പെട്ട കോൺട്രാക്ടർക്ക് നൽകിയെന്നും ഇതുവരെ പൂർത്തിയാക്കിയ ജോലിയെന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

12-2-2015-ൽ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ കരാറുകാരനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി നടത്തിയ യോഗത്തിൽ 17-2-2015-ൽ ഞാറയ്ക്കൽ ടാങ്ക് സൈറ്റിലെ പണികൾ പുനരാരംഭിക്കുമെന്നും ഒരാഴ്ചയ്ക്കകം മുരിക്കുംപാടം ടാങ്ക് സൈറ്റിലെ തൊഴിൽ തർക്കങ്ങൾ പരിഹരിച്ച് നിശ്ചിത സമയ പരിധിക്കുള്ളിൽ പണികൾ പൂർത്തിയാക്കാമെന്നും കരാറുകാരൻ ഉറപ്പുനൽകി

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് എഞ്ചിനീയർ നേരിട്ട് പണികളുടെ പുരോഗതി വിലയിരുത്താമെന്നും യോഗത്തിൽ തീരുമാനിച്ചു. പിന്നീട് ലോറി, ക്വാറി സമരംമൂലം പണികൾ തടസ്സപ്പെട്ടു. 7-3-2015 മുതൽ പണികൾ തുടങ്ങുന്നതാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ടാങ്കുകൾ കാലാവധി നീട്ടിക്കൊടുത്ത് 31-3-2015-നുള്ളിൽ പൂർത്തീകരിച്ചില്ലെങ്കിൽ ലിക്വിഡേറ്റഡ് ഡാമേജ് പ്രകാരമുള്ള പിഴ ഈടാക്കാൻ നിർബന്ധിതമാകുമെന്ന് പ്രസ്തുത കരാറുകാരനെ 24-2-2015-ൽ ചീഫ് എഞ്ചിനീയർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എഗ്രിമെന്റ് പ്രകാരം ഞാറയ്ക്കൽ ടാങ്ക് 25-2-2012-നും മുരിക്കുംപാടം ടാങ്ക് 19-12-2012-നും പൂർത്തിയാക്കേണ്ടതായിരുന്നു.

(സി) മുരിക്കുംപാടം ടാങ്ക് ആദ്യം 30-9-2013 വരെയും പിന്നീട് 1.65 ലക്ഷം രൂപ പിഴയോടുകൂടി 31-3-2015 വരെയും പൂർത്തിയാക്കേണ്ട സമയം ദീർഘിപ്പിച്ചിട്ടുണ്ട്. ഞാറയ്ക്കൽ ടാങ്ക് 31-3-2015 വരെ 2.95 ലക്ഷം രൂപ പിഴയോടുകൂടി സമയം ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(ഡി) മുരിക്കുംപാടത്ത് 11.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ 317,50,003 രൂപ അനുവദിക്കുകയും അതുമായി ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. ഞാറയ്ക്കലിൽ 17.90 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് ഇതുവരെ 387,23,402 രൂപ അനുവദിക്കുകയും അതുമായി ബന്ധപ്പെട്ട കരാറുകാരന് നൽകുകയും ചെയ്തു. മുരിക്കുംപാടം ടാങ്കിന്റെ പൈലുകൾ പൂർത്തിയായി. പൈൽക്യാപ്പ് ജോലികൾ നടക്കുന്നു. ഞാറയ്ക്കൽ ടാങ്കിന്റെ കോളം ജോലികളുടെ ആദ്യത്തെ സ്റ്റേജ് ജോലികൾ തീർന്നു. രണ്ടാമത്തെ സ്റ്റേജ് ജോലികൾ നടക്കുന്നു.

മുല്ലപ്പെരിയാർ പ്രശ്നം

145 (837) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ 2015 ഫെബ്രുവരി 20-ന് സുപ്രീംകോടതി പ്രസ്താവിച്ച വിധിയുടെ വിശദാംശം അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly